റിപ്പർ കൊലപാതകങ്ങൾ

* 23 [23] ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ.ഇ. ഇസ്മയിൽ:
,, വി.കെ. രാജൻ:
,, കെ.ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86–ൽ ഉണ്ടായ റിപ്പർ കൊലപാതകങ്ങൾ എത്ര;

(ബി) കുറ്റവാളികളെ ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു സംസ്ഥാനത്തുവെച്ച് ഏതു സംസ്ഥാനത്തിലെ പോലീസാണ് അറസ്റ്റു ചെയ്തത്?

(ഡി) ഈ അന്വേഷണത്തിനായി ഇതുവരെ സംസ്ഥാന ഗവൺമെന്റിന് ചെലവായ സംഖ്യ എത്ര?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) അഞ്ച്.

(ബി) ഉണ്ട്.

(സി) കർണ്ണാടക സംസ്ഥാനത്തുവെച്ച് കർണ്ണാടക പോലീസാണ് അറസ്റ്റുചെയ്തത്.

(ഡി) ഓരോ കേസന്വേഷണത്തിനും ചെലവായ തുക പ്രത്യേകമായി കണക്കാക്കാറില്ല.

പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റ്

* 24 [24] ശ്രീ. എ.പി. അബ്ദുറഹിമാൻ ഹാജി:
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി:
,, കെ.പി.എ. മജീദ്:
,, പി.വി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് എന്ത് അടിസ്ഥാനത്തിലാണ് റോഡ് മെയിന്റനൻസ് ഗ്രാന്റ് നൽകിവരുന്നത്?

(ബി) ഈ ഗ്രാന്റ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും, ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം):

(എ) 5–1–1983–ലെ 52/83/ത.സ്വ.സാ.ക്ഷേ. സർക്കാർ ഉത്തരവ് പ്രകാരം താഴെപറയുന്ന നിരക്കിലാണ് വി.ആർ.എം. ഗ്രാൻറ് അനുവദിക്കേണ്ടത്.

മെറ്റൽഡ് ആൻറ് ബാക്ക് ടോപ്ഡ് റോഡ് കി.മീറ്ററിന്	1200
ഗ്രാവൽഡ് റോഡ്	900
എർത്തേൺ റോഡ്	750

എന്നാൽ ഫണ്ടിൻെറ അപര്യാപ്തതമൂലം മേൽപറഞ്ഞ നിരക്കിൽ വി.ആർ.എം. ഗ്രാൻറ് കൊടുക്കാൻ സാധിക്കുന്നില്ല.

(ബി) ഇക്കാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

* 25 [25] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

1986–87 സാമ്പത്തിക വർഷത്തിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണ്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.*

(3) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

മുഖ്യമന്ത്രിയുടെ ഗുരുവായൂർ യാത്ര

1 [1] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 10–6–1986–വരെ മുഖ്യമന്ത്രിയുടെ ഗുരുവായൂർ സന്ദർശനംമൂലം ഖജനാവിൽനിന്ന് ടി.എ., ഡി.എ. ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര?

ഉത്തരം

(എ, ബി) പൊതുകാര്യങ്ങൾക്കുവേണ്ടിയുള്ള യാത്രകളോടൊപ്പമാണ് ഗുരുവായൂർ യാത്രയും ചെയ്യുന്നത്. അതുകൊണ്ട് അതിനുമാത്രമായി പ്രത്യേകമായി ഒന്നും ചെലവാക്കിയിട്ടില്ല.

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly